# കേന്ദ്രബജറ്റും കർഷകരും

സി.ആർ. നീലകണ്ഠൻ

2004-05 ലേക്കുള്ള കേന്ദ്രബജറ്റിനെ ഏറെ പ്രതീക്ഷകളൊടെയും ആശങ്കകളോടെയും സംശയത്തോടെയുമാണ് നാം കാത്തിരുന്നത്. കഴിഞ്ഞ അഞ്ചു വർഷമായി ഇന്ത്യക്കു 'തിളക്ക' മുണ്ടായെന്നു പ്രഖ്യാപിച്ച സർക്കാർ തോറ്റു പുറത്തുപോയി. അവരുടെ നയങ്ങൾ ജനങ്ങൾക്കു സ്വീകാര്യമായില്ല. കാർഷിക രംഗത്ത് ഏറ്റവും വലിയ തകർച്ചയുണ്ടായി. ഗ്രാമീണ ദാരിദ്ര്യം എല്ലാ അതിരുകളും ഭേദിച്ചുയർന്നു. ഇതിനുപകരം എന്തുതരം സമീപനമാണ് പുതിയ സർക്കാരിനുള്ളതെന്നായിരുന്നു സംശയം. ഇടതുപക്ഷം നിർണായക സ്ഥാനം വഹിക്കുന്ന ഒരു സർക്കാരാണ് കേന്ദ്രത്തിലുള്ളത്. കഴിഞ്ഞ ഒരു പതിറ്റാണ്ടിലേറെയായി നടന്നുവരുന്ന 'സാമ്പത്തിക പരിഷ്കാര'ങ്ങളെ ഇവർ എങ്ങനെ കാണും എന്ന ആശങ്കയാണ് പരിഷ്കരണ (സാമ്രാജ്യത്വ) വാദികൾക്കുണ്ടായിരുന്നത്. മറിച്ച് ഇടതുപക്ഷത്തിനാകട്ടെ, മറ്റൊരു തരം ആശങ്കയുമുണ്ട്. സാമ്പത്തിക പരിഷ്ക്കരണം തുടങ്ങിവച്ച മൻമോഹൻസിങ്ങ് പ്രധാനമന്ത്രിയും അന്നത്തെ വ്യാപാര മന്ത്രിയായിരുന്ന ചിദംബരം ധനകാര്യമന്ത്രിയുമാണിന്ന്. മറ്റൊരു പാത തിരഞ്ഞെടുക്കാൻ ഇവർക്കാകുമോ ? ഇതൊക്കെയാണെങ്കിലും മുൻസർക്കാരിന്റെ അനുഭവം മുന്നിലുള്ള ഈ മുന്നണി അതിന്റെ പാഠം പൂർണമായി മറക്കുമോ ? ഇതൊരു നേരിയ പ്രതീക്ഷ തന്നെയായിരുന്നു.

എന്നാൽ ബജറ്റ് പുറത്തുവന്നു കഴിഞ്ഞപ്പോൾ എന്താണവസ്ഥ ? ബജറ്റ് പ്രസംഗം കേട്ടപ്പോൾ പലവിധ പ്രതികരണങ്ങളുണ്ടായി. ഒരു നിലക്ക് എല്ലാ വിഭാഗങ്ങളേയും തൃപ്തിപ്പെടുത്തുന്ന ബജറ്റാണിതെന്ന തോന്നലുണ്ടാക്കി. എന്നാൽ ബജറ്റിന്റെ പൂർണരൂപം വായിക്കുന്നവരുടെ ഭാവം പെട്ടെന്നു മാറി.

**വലതുപക്ഷ വിമർശനം**

രാഷ്ട്രീയ സമ്മർദ്ദമില്ലാത്ത പരിഷ്കരണം മുന്നോട്ടുകൊണ്ടുപോകണമെന്നു വാദിക്കുന്നവരാണിവർ. ഇടതുപക്ഷത്തിന്റെ സാന്നിദ്ധ്യം ഇവർക്കു സഹിക്കാവുന്നതല്ല. (ഭരണത്തിലേറിയാൽ പിന്നെ ഇടതുപക്ഷം വലതുപക്ഷം തന്നെയാണെന്ന് ആശ്വസിക്കുന്നവരും ഇക്കൂട്ടത്തിലുണ്ട്) ബജറ്റ് കമ്മിയും റവന്യൂ കമ്മിയും കുറച്ചുകൊണ്ടുവന്ന് 2007-08 - നകം പൂജ്യമാക്കുകയെന്ന ലക്ഷ്യമാണ് ലോക ബാങ്ക് നൽകിയിട്ടുള്ളത്. ഇതിനായി കഴിഞ്ഞ സർക്കാർ പാസാക്കിയ എഫ്.ആർ.ബി.എം. 2004 എന്ന നിയമം ഇവരും പാലിക്കുമെന്ന ഉറപ്പ് ഇക്കൂട്ടരെ സന്തോഷിപ്പിക്കുന്നു. കമ്മി കുറയ്ക്കണമെങ്കിൽ രണ്ടു വഴികളേയുള്ളൂ. വരുമാനം വർദ്ധിപ്പിക്കുക അല്ലെങ്കിൽ ചിലവു കുറയ്ക്കുക. സർക്കാരിന്റെ വരുമാനം ക്രമമായി കുറച്ചുകൊണ്ടുവരികയെന്നതാണ് പരിഷ്കരണ നയങ്ങളുടെ കാതൽ. കസ്റ്റംസ് തീരുവയിലാണ് ഏറ്റവും വലിയ കുറവ് വന്നത്. 1995-96 ൽ മൊത്തം കസ്റ്റംസ് വരുമാനം മൊത്ത ദേശീയോത്പാദനത്തിന്റെ (ജി.ഡി.പി) 3.01 ശതമാനമായിരുന്നത് 2004-05 ൽ 1.74 ശതമാനമായിക്കുറഞ്ഞു. സർക്കാരിന്റെ വിഭവ സമാഹരണ സാദ്ധ്യതകൾ മറ്റുവിധത്തിലും ബോധപൂർവ്വം കുറയ്ക്കുകയാണ്. പലിശ നിരക്കു കുറയ്ക്കുന്നതിലൂടെ തന്നെ നിക്ഷേപം കുറയുന്നു. മുതലാളിമാർക്ക് കുറഞ്ഞ ചിലവിൽ മൂലധനം ലഭ്യമാക്കലാണിതിന്റെ ലക്ഷ്യമെന്ന് വലതുപക്ഷസാമ്പത്തിക വിദഗ്ദ്ധർ പറയുന്നു. എന്നാൽ അതിലേറെ പല താൽപര്യങ്ങളും ഇതിലുണ്ട്. പലിശ കുറഞ്ഞാൽ ഓഹരിക്കമ്പോളത്തിലെ ഊഹകച്ചവടത്തിൽ കുറെപ്പേർ പണം നിക്ഷേപിക്കും. എന്നാൽ ഇതുവളരെ ചെറിയൊരു വിഭാഗം മാത്രമാണ്. ബാക്കിയുള്ളവരെല്ലാം അവരുടെ പണം ഉപഭോഗ കമ്പോളത്തിലാണ് ചിലവഴിക്കുന്നത്. ഇത് കമ്പോള വികസനത്തിനും വഴി തെളിയിക്കുമെന്നു വാദിച്ചേക്കാം. ഇന്നത്തെ 'തുറന്ന കമ്പോള വ്യവസ്ഥ' യിൽ ഇവിടെ വിൽക്കപ്പെടുന്നവയെല്ലാം ബഹുരാഷ്ട്ര കമ്പനികളുടെ ഉൽപന്നങ്ങളാണ് എന്നതിനാൽ യഥാർത്ഥ സാമ്പത്തിക വളർച്ചയുണ്ടാകുന്നത് ഈ കമ്പോളത്തിനാണ്.

ഇ.പി.എഫ്. പലിശ കുറയ്ക്കുന്നതു സംബന്ധിച്ച വിവാദം ഈ പശ്ചാത്തലത്തിൽ കാണണം. തൊഴിലാളി ദ്രോഹമെന്നതിനപ്പുറം ബഹുരാഷ്ട്രക്കമ്പനികളെ സഹായിക്കലാണതിന്റെ ലക്ഷ്യം. ധനം നിക്ഷേപിക്കുന്നതിനെ നിരുത്സാഹപ്പെടുത്തണം. ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുള്ള കേൽക്കർ കമ്മിറ്റി റിപ്പോർട്ടും ഇതേ വഴിയ്ക്കുള്ള നയങ്ങളാണ് മുന്നോട്ട് വയ്ക്കുന്നത്. ആദായനികുതിക്കു നല്കുന്ന എല്ലാ ഇളവുകളും ഒഴിവാക്കണമെന്നതാണൊരു നിർദ്ദേശം. ദേശീയ സമ്പാദ്യപദ്ധതി, ലൈഫ് ഇൻഷുറൻസ് തുടങ്ങിയവയിലെ നിക്ഷേപങ്ങൾക്കുള്ള ഇളവുകളാണ് പ്രധാനം. ആയിരം രൂപ നികുതി അടക്കുന്നതിനു പകരം അയ്യായിരം രൂപ ഇവർ നിക്ഷേപിക്കണം. ഈ പണം ആറുവർഷമെങ്കിലും സർക്കാരിന്റെ കയ്യിലാകുന്നു. പലിശ കിട്ടുമെന്നതും നികുതിയടക്കേണ്ടതില്ലെന്നതും സാധാരണക്കാരന് ആശ്വാസകരമാണ്. ഈ പദ്ധതികളിലെ പണം പലപ്പോഴും സംസ്ഥാന സർക്കാരുകൾക്ക് വലിയ സഹായമാകാറുണ്ട്. ഇതില്ലാതായാൽ ജനങ്ങൾ നികുതി കൊടുത്തു ബാക്കിയുള്ള പണം 'അടിച്ചുപൊളിക്കും'. ഇതു തന്നെയാണ് ഭരണകൂടത്തിന്റെ ലക്ഷ്യവും.

**ചിലവു കുറയ്ക്കൽ**

സർക്കാർ സാമ്പത്തികമായി ദുർബലപ്പെടുന്നതോടെ കമ്മി കുറച്ചുനിർത്താൻ വേണ്ടി ചിലവു ചുരുക്കേണ്ടിവരും. സർക്കാർ നൽകുന്ന സൗജന്യങ്ങൾ പരമാവധി കുറയ്ക്കലാണതിനുള്ള വഴി. കാർഷിക സബ്സിഡികൾ കുറയ്ക്കുന്നത് ഇതിന്റെ ഭാഗമാണ്. പൊതുസേവന മേഖലകൾക്ക് (വിദ്യാഭ്യാസം,



ഫോട്ടോ : എൻ. ഉബൈദ്, കറുകമാട്

ആരോഗ്യം, ഗതാഗതം, വൈദ്യുതി, കുടിവെള്ളം മുതലായവക്ക്) നൽകുന്ന പണവും കുറയ്ക്കുന്നു. (ഈ മേഖലകളിൽ സ്വകാര്യ മൂലധനത്തിനിടം നൽകലും ഇതിലൂടെ സാധിക്കുന്നു) പെട്രോളിയം സബ്സിഡി ഓരോ വർഷവും കുറച്ചു കൊണ്ടുവരുന്നതിന്റെ ഭാരവും സാധാരണ ജനങ്ങളുടെ മേൽവരും. കഴിഞ്ഞ വർഷം സബ്സിഡിയായി നൽകിയത് 6573 കോടി രൂപയായിരുന്നത് ഈ വർഷം 3559 കോടിയായി കുറച്ചു. ഏറ്റവും ഉയർന്ന എണ്ണ വിലയുള്ള ഇക്കാലത്ത് ഇതിന്റെ പ്രത്യാഘാതം വളരെ വലുതാണ്. ചുരുക്കത്തിൽ സർക്കാർ മുതൽമുടക്ക് തീരെ കുറയുന്നു അഥവാ കുറയ്ക്കുന്നു. സർക്കാർ മറ്റൊരു വരുമാന സ്രോതസ്സായി ഇപ്പോൾ കാണുന്നത്, പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റുകിട്ടുന്ന (ഡിസ് ഇൻവെസ്റ്റ്മെന്റ്) പണമാണ്. കഴിഞ്ഞ വർഷം ഈ വകയിൽ 14500 കോടി രൂപയാണ് സർക്കാരിനു കിട്ടിയത്. ഇടതുപക്ഷ സമ്മർദ്ദംമൂലം വിറ്റുതുലക്കൽ വകുപ്പ് ഇല്ലാതാക്കിയെങ്കിലും നടപ്പു വർഷം ഇതിൽ നിന്നും 4000 കോടി രൂപ പ്രതീക്ഷിക്കുന്നു. പക്ഷെ ഈ കുറവ് വരുത്തൽ പരിഷ്കാരങ്ങളിൽ നിന്നുള്ള പുറകോട്ടുപോക്കാണെന്ന് വലതു സാമ്പത്തിക വിദഗ്ദ്ധർ വാദിക്കുന്നു.

ദീർഘകാല മൂലധനലാഭത്തിൽ ഏർപ്പെടുത്തിയിരുന്ന നികുതികുറച്ച് പകരം ഓരോ ഓഹരിക്കൈമാറ്റത്തിലും 0.15 ശതമാനം ലെവി ഏർപ്പെടുത്തുകയും ചെയ്തതാണ് മറ്റൊരു പ്രധാന മാറ്റം. ഊഹക്കച്ചവടത്തിന്റെ ബലത്തിൽ ഊതിവീർപ്പിക്കുന്നതാണ് ഇന്നത്തെ ഓഹരിക്കമ്പോളം. അതിൽ പണമിട്ട് പണം വാരുന്നത് ബഹുരാഷ്ട്ര കമ്പനികളും സാമ്പത്തിക സ്ഥാപനങ്ങളുമാണ്. ഇവരുടെ വരുമാനത്തിൽ കുറവുണ്ടാകുമെന്നു മാത്രമല്ല, നല്ലൊരു വരുമാനം സർക്കാരിനു കിട്ടുകയും ചെയ്യും. ഇതും കമ്പോള വാദികളെ ചൊടിപ്പിക്കുന്നു. ഇതും ഇടതുപക്ഷ 'വ്യതിയാന' മാണെന്നവർ പറയുന്നു. സ്വീഡനിൽ എൺപതുകാലത്ത് വൻ സാമ്പത്തികമേഖലാ വളർച്ചയുണ്ടായി. ആ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് വരുമാനം ക്രമാതീതമായി ഉയർന്നു, ശമ്പളവും. വരുമാനത്തിനനുസൃതമായി കാര്യമായ സാമൂഹ്യ സംഭാവനകളൊന്നും ഇവരിൽ നിന്നുണ്ടാകുന്നില്ല. മാത്രവുമല്ലാ ഉൽപാദനപരമായ പ്രവർത്തനങ്ങളിൽ യുവാക്കൾ വിമുഖരായി. ട്രേഡ് യൂണിയനുകൾക്ക് കൂടിയസ്വാധീനമുള്ള രാഷ്ട്രീയ സംഘടനകൾ ഇതിനെതിരെ രംഗത്തുവന്നു. (കമ്പോള വാദികൾ ഇതിനെ അസൂയ മാത്രമായാണ് കണ്ടത്.) സാമ്പത്തിക ഇടപാടുകളിൽ ഒരു ശതമാനം നികുതിയേർപ്പെടുത്താൻ സ്വീഡനിലെ പാർലിമെന്റ് തീരുമാനിച്ചു. പിന്നീടതു രണ്ടു ശതമാനമാക്കി ഉയർത്തി. കമ്പോളത്തെ സുസ്ഥിരമാക്കാൻ ഇതു സഹായിച്ചില്ലെന്നും വൻകിട ഓഹരികളുടെ വ്യാപാരത്തിന്റെ 60 ശതമാനം ലണ്ടനിലേക്കു മാറിയെന്നും ഇവർ പറയുന്നു. അതെന്തായാലും ഊഹക്കച്ചവടക്കാരുടെ വരുമാനത്തിൽ ഒരു പങ്ക് സർക്കാരിനു കിട്ടി. ഇവിടെ വലിയ പ്രതിഷേധമുയർന്നപ്പോൾ ധനമന്ത്രി തന്നെ നേരിട്ടു ചെന്ന് ചർച്ച നടത്താൻ തയ്യാറായി. സമൂഹത്തിലെ 0.75 ശതമാനം പേരെ മാത്രം ബാധിക്കുന്ന ഒരുകാര്യത്തിൽ കാണിച്ച ഈ ശുഷ്കാന്തി, കാർഷിക മേഖലയുടെ കാര്യത്തിലുണ്ടായില്ല.

**കാർഷികതകർച്ച – പരിഹാരം**

സാമ്പത്തിക വളർച്ചയെന്നാൽ മൊത്ത ദേശീയ ഉൽപാദനത്തിലെ (ജിഡിപി) വളർച്ചയാണെന്നാണ് പരക്കെ വിശ്വസിക്കുന്നത്. ദേശീയോൽപാദനത്തിൽ കൃഷിയുടെ പങ്ക് വെറും ഇരുപതു ശതമാനം മാത്രമാണ്. വ്യവസായ സേവന മേഖലകളാണ് എൺപതു ശതമാനം. അതുകൊണ്ടു തന്നെ കാർഷിക മേഖലയെ പൂർണമായി ഒഴിവാക്കിയാലും ജിഡിപിയിൽ വലിയ കുറവുണ്ടാകില്ല. അതിനും പുറമെ കാർഷിക മേഖലയിൽ വളർച്ച വേണമെങ്കിൽ വൻതോതിൽ വിഭവങ്ങൾ നൽകണം. ആ രംഗത്തുള്ളവർ വലിയൊരു പങ്കും ദരിദ്രരാണ്. അതുകൊണ്ട് സർക്കാർ പിന്തുണയില്ലാതെ കാർഷിക വളർച്ച അസാദ്ധ്യമാണ്. നേരെ മറിച്ച് സേവന മേഖലയിൽ വലിയ തോതിൽ ലാഭം കിട്ടുമെന്നതിനാൽ മുതൽമുടക്കാൻ ദേശീയ ബഹുഹാഷ്ട്ര കുത്തകകൾ വരും. അവിടെ മുതൽമുടക്കും കാലതാമസവും (ലീഡ് ടൈം - മുതലിറക്കിയാൽ തിരിച്ചുകിട്ടാനുള്ള താമസം) കുറവാണ്. സർക്കാർ ചിലവു കുറയ്ക്കാനും ജിഡിപി വളർച്ച നേടാനും കഴിയണമെങ്കിൽ കാർഷിക മേഖലയെ അവഗണിച്ചേ പറ്റൂ.

ഈ പ്രശ്നം പരിഹരിക്കുന്നതിന് കമ്പോള വാദികൾ ചില നിർദേശങ്ങൾ ഉന്നയിക്കുന്നുണ്ട്. കമ്പോളാവാശ്യത്തിനനുസരിച്ച് കൃഷി രീതിയെ മാറ്റുക, വ്യാപാരസാദ്ധ്യതയില്ലാത്ത ഉൽപന്നങ്ങൾ ഉപേക്ഷിച്ച് സാദ്ധ്യതയുള്ളവ കൊണ്ടുവരിക, സമഗ്ര സമീപനത്തോടെയുള്ള കൃഷി രീതി (കാലി-കോഴിവളർത്തൽ തുടങ്ങിയവയോടൊപ്പം ചെയ്യുന്ന ബഹുവിള കൃഷി) വിട്ട് സ്പെഷ്യലൈസ് ചെയ്തവ മാത്രം (വാനില, കൊക്കൊ, കുറ്റിമുല്ല എന്നിങ്ങനെ) കൃഷി ചെയ്യുക. ഭക്ഷ്യ ലഭ്യത, സ്വാശ്രയത്വം തുടങ്ങിയ ലക്ഷ്യങ്ങൾ കൃഷിക്കുണ്ടായിരിക്കരുത്. മുതലിറക്കുന്നവരുടെ ലാഭം മാത്രമായിരിക്കണം ലക്ഷ്യം. ഇങ്ങനെയാക്കാൻ സർക്കാർ സഹായിക്കണം. അതുവന്നാൽ സ്വകാര്യ മൂലധനം ഭൂമിയിൽ (കൃഷിയിൽ) വരും. വളർച്ചയുണ്ടാകും.

ഇത്ര ലളിതമായി പറയാവുന്നതല്ല കൃഷിയുടെ മേഖല. ജിഡിപിയുടെ 20 ശതമാനമേ കൃഷിയിലുള്ളുവെങ്കിലും ജനങ്ങളിലെ അറുപതു ശതമാനത്തിനും ജീവനോപാധിയായിരിക്കുന്ന മേഖലയാണത്. അവിടത്തെ തകർച്ച വലിയൊരു ജനവിഭാഗത്തെ ബാധിക്കും. കൃഷിക്കാർ, കർഷക തൊഴിലാളികൾ, ചെറുകിട ഉൽപാദകർ, മറ്റു ഗ്രാമീണ സമൂഹത്തിലെ ജനങ്ങൾ എന്നിങ്ങനെ സമൂഹത്തിൽ ഏറ്റവും ദുർബലരായവരെയാണിത്

തകർക്കുക. ഈ പ്രശ്നത്തിനു പരിഹാരമായി നിർദേശിക്കപ്പെടുന്ന ഏകവിള (വ്യാപാര) കൃഷി ഇതിൽ വലിയൊരു പങ്കിനേയും തൊഴിൽരഹിതരാക്കും. ഇതാണ് ആന്ധ്രയിലും കർണാടകയിലും മറ്റുമുണ്ടായത്. ആന്ധ്രയിൽ മൊത്ത വരുമാനം ഉയർന്നത് ഐടി തുടങ്ങിയ മേഖലകളിലാണ്. കൃഷി രംഗം തളർന്നു. കോർപറേറ്റ് മൂലധനം അവിടെ കടന്നുവരുന്നു. ഇതിന്റെ ദുരിമാണു നാം കണ്ടത്. ചന്ദ്രബാബു നായിഡു തോറ്റതും. ഇതിൽനിന്നും വ്യത്യസ്തമാണോ ചിദംബരത്തിന്റെ സമീപനം ? പ്രസംഗത്തിൽ അങ്ങനെയാണ്. കാർഷിക ഗ്രാമീണ മേഖലയിലെ ദാരിദ്ര്യം അകറ്റുന്നതടക്കമുള്ള പരിപാടികൾ - പെഹേര ദാരിദ്ര്യം (Poverty), തൊഴിൽ (Employment), ആരോഗ്യം (Health), വിദ്യാഭ്യാസം (Education), ഗ്രാമവികസനം (Rural development), കൃഷി (Agriculture) എന്നിവ - വലിയ തോതിൽ പരാമർശിക്കപ്പെടുന്നുണ്ട് ബജറ്റ് പ്രസംഗത്തിൽ. എന്നാൽ വിഭവം നീക്കിവയ്ക്കുമ്പോൾ ഈ ഉദാരതയില്ല. ഗ്രാമവികസനം കാർഷിക വായ്പകൾക്കായി ഈ സർക്കാർ അനുവദിച്ച തുക മുൻ എൻഡിഎ സർക്കാർ നീക്കി വച്ചതിനേക്കാൾ കുറവാണ്. നാം അൽപം മറന്നതുകൊണ്ടാണ് ഈ മതിഭ്രമം. 1996-97 ൽ ഐക്യമുന്നണി സർക്കാരിന്റെ ധന മന്ത്രിയായിരുന്നപ്പോൾ ഇതേ ചിദംബരം തന്നെ ഇത്തരത്തിലുള്ള ഗംഭീരൻ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. അന്നും ഇന്നും ഇത്തരത്തിലുള്ള പൊതു മിനിമം പരിപാടിയുണ്ടായിരുന്നു. അതനുസരിച്ച് ഏഴുലക്ഷങ്ങൾ പ്രഖ്യാപിച്ചു. അതിന്റെ പുതിയ ഭാഷ്യം തന്നെ ഇത്തവണയും അവതരിപ്പിച്ചത്. അതിനുമപ്പുറം 1995-96 ലെ ബജറ്റ് പ്രസംഗത്തിൽ ഉദാരവൽക്കരണത്തിന്റെ വക്താവും ഇന്നത്തെ പ്രധാനമന്ത്രിയുമായ മൻമോഹൻസിങ്ങ് ഗ്രാമീണ കർഷകരുടെ പേരിൽ ഏറെ വാചകമടിച്ചു. ദരിദ്ര കർഷകരുടെ ആവശ്യത്തിനു വേണ്ടി പ്രത്യേക ബാങ്കുതന്നെ ഉണ്ടാക്കുമെന്നാണ് അന്നദ്ദേഹം പറഞ്ഞത്. രാജ്യത്തിനാകെ വളർച്ചയുണ്ടായാൽ അതിന്റെ നേട്ടം അരിച്ചിറങ്ങി ദരിദ്രരിലുമെത്തുമെന്ന ധാരണ ശരിയായിരുന്നില്ലെന്ന കുമ്പസാരവും അന്നദ്ദേഹം നടത്തി. എന്തിനേറെ ഇതേ ബജറ്റ് ഈ വർഷമാദ്യം പാർലിമെന്റിൽ അവതരിപ്പിച്ച ജസ്വന്ത് സിങ്ങ് എന്ന എൻഡിഎ ക്കാരൻ "ഗ്രാമത്തിലെ നമ്മുടെ കർഷകർക്കും മറ്റു പൗരന്മാർക്കും സമയബന്ധിതമായും കുറഞ്ഞ നിരക്കിലും വായ്പ നൽകാൻ പ്രതിജ്ഞാബദ്ധമാണ്" എന്നു പറഞ്ഞതു കേട്ട് അന്നുനാം കോരിത്തരിച്ചില്ലേ ? അപ്പോൾ അത്രയേ ഉള്ളൂ കാര്യം. പണ്ട് ഒരു വീട്ടിലെ കല്യാണത്തിന് പലവിധ സഹായങ്ങൾ വാഗ്ദാനം ചെയ്ത ശേഷം ഒരു ബന്ധു പറഞ്ഞു "ഞാനീപ്പറഞ്ഞതു മാത്രമേയുള്ളൂ. അതിനപ്പുറമൊന്നും പ്രതീക്ഷിക്കരുത്" എന്ന്. അതിന്റെ അർത്ഥം പറഞ്ഞ സഹായം അയാൾ നൽകുമെന്നായിരുന്നില്ല, മറിച്ച് പറച്ചിൽ മാത്രമേ ഉള്ളൂവെന്നായിരുന്നു. ഇതാണ് എന്നും കർഷകരുടെ അവസ്ഥ.

കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധിയുടെ (വരൾച്ചയുടെയടക്കം) യഥാർത്ഥ കാരണം കണ്ടെത്തി പരിഹരിക്കാനൊന്നും ഒരു സർക്കാരിനും താൽപര്യമുണ്ടായിരുന്നില്ല. അന്നും ഇന്നും എന്നും.



## ഡോക്യുമെന്ററി സിനിമകൾ

**കയ്പ് നീര്** പ്ലാച്ചിമട / (മലയാളം), Bitter Drink (English) കൊക്കകോള സമരം/ 25 മിനിറ്റ്. **കനവ്** : വയനാട്ടിലെ കനവ് ബദൽ വിദ്യാഭ്യാസ (ഗുരുകുല) ത്തെക്കുറിച്ച്. / 35 മിനിറ്റ്. **ബാക്കിപത്രം**: ചാലിയാർ/മാവൂർ ഗ്രാസിം സമരത്തെക്കുറിച്ച് / 35 മിനിറ്റ്. സംവിധാനം-സി. ശരത്ചന്ദ്രൻ, പി. ബാബുരാജ്, നിർമ്മാണം: തേഡ് ഐ കമ്യൂണിക്കേഷൻ.

**'രാം കി നാം' മലയാളത്തിൽ**
**'ദൈവത്തിന്റെ നാമത്തിൽ'**
സംവിധാനം : **ആനന്ദ് പട്വർധൻ**
80 മിനിട്ട് ഡോക്യുമെന്ററി. മൊഴിമാറ്റം : പി.രവി വർമ്മ, കെ.എൻ.ഷാജി, സനൽ പോറ്റി, ആൻസി ശരത്

**എക്സ്പ്രസ്സ് ഹൈവേ**
സംവിധാനം : സഞ്ജു സുരേന്ദ്രൻ


കേരളീയം
വി.സി.ഡി/ഡി.വി.ഡി/
വി.എച്ച്.എസ് കാസറ്റ്.
കോപ്പികൾക്കും പ്രദർശനത്തിനും :
മാനേജർ,
കേരളീയം, തൃശൂർ 21.
ഫോൺ : 0487-2421385, 2991016